# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 28, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

സൂര്യ ടി.വി. ഓഫീസ് റെയ്ഡ്

മി. സ്പീക്കർ: ഇന്നലെ സൂര്യാ ടി.വി.യുടെ തിരുവനന്തപുരത്തെ ഓഫീസിനകത്ത് പോലീസ് അനധകൃതമായി കടന്നുചെന്ന് ജോലി ചെയ്തുകൊണ്ടിരുന്ന ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും വിവിധ രേഖകളും ഉപകരണങ്ങളും നശിപ്പിക്കുകയും ബലമായി എടുത്തുകൊണ്ടുപോകുകയും ചെയ്തതിന്റെ ഫലമായി മാധ്യമങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനം തടസ്സപ്പെടുത്തുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനാൽ സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. എ.

നീലലോഹിതദാസൻ നാടാർ, സർവ്വശ്രീ എ.കെ.ബാലൻ, കെ.പി.രാജേന്ദ്രൻ, കോവൂർ കുഞ്ഞുമോൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ.എ.കെ. ആന്റണി): വ്യാജരേഖകൾ ചമച്ച് സംസ്ഥാനത്തിനുതന്നെ അപകീർത്തികരമായ വിധത്തിൽ സൂര്യാ ടി.വി.യിൽ വാർത്ത പ്രദർശിപ്പിച്ചതിന്റെ പേരിൽ സൂര്യാ ടി.വി.റിപ്പോർട്ടർക്കും മറ്റു ചില സ്റ്റാഫ് അംഗങ്ങൾക്കും എതിരായി ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം ക്രൈംബ്രാഞ്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തു . മുൻകൂട്ടി അറിയിച്ചശേഷം 27–06–02–ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് ക്രൈംബ്രാഞ്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം സൂര്യാ ടി.വി.യുടെ തിരുവനന്തപുരം ഓഫീസിലെത്തി ജനറൽ മാനേജർ, ചീഫ് ന്യൂസ് എഡിറ്റർ എന്നിവരുടെ സ്റ്റേറ്റുമെന്റുകൾ എടുത്തു . സ്റ്റേറ്റുമെന്റ് മാനേജർ ഒപ്പിട്ട് നല്കിയിട്ടുണ്ട് . അന്വേഷണവുമായി സഹകരിക്കാമെന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് രേഖകൾ നൽകാമെന്നും ഉറപ്പ് നൽകിയതിനാൽ റെയ്ഡ് നടത്തുകയോ മറ്റു രേഖകൾ പിടിച്ചെടുക്കുകയോ ചെയ്തിട്ടില്ല. വിവരം അറിഞ്ഞ ഉടനെ മാധ്യമ പ്രവർത്തകർ തടിച്ചുകൂടുകയും പോലീസിനെതിരെ മുദ്രാവാക്യം മുഴക്കുകയും ചെയ്തു. എം. എൽ. എ. മാരുടെ ഒരു സംഘവും അവിടെയെത്തി. നിയമവാഴ്ച നടപ്പാക്കാനുള്ള ഉത്തരവാദിത്വം നിറവേറ്റുകയാണ് പോലീസ് ചെയ്തിട്ടുള്ളത്. ഗുരുതരമായ ക്രിമിനൽ കുറ്റത്തിന്റെ സത്യാവസ്ഥ കണ്ടെത്താനുള്ള നടപടികളിൽ സഭ പരിപൂർണ്ണമായി സഹകരിക്കണം. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ: മന്ത്രിസഭയിലെ ഒരംഗത്തിന് ഹവാല പണമിടപാടുമായി ബന്ധമുണ്ടെന്ന സംഭ്രമജനകമായ വാർത്ത ആദ്യം സൂര്യാ ടി.വി.യിലും പിന്നീട് മറ്റു മാധ്യമങ്ങളിലും പ്രദർശിപ്പിച്ചതിന്റെ പേരിൽ ഇന്നലെ സൂര്യാ ടി.വി.യുടെ തിരുവനന്തപുരം ഓഫീസിനകത്ത് ക്രൈംബ്രാഞ്ച് പോലീസ് കയറി ജീവനക്കാരേയും ജനറൽ മാനേജരേയും എഡിറ്ററേയും പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. പല രേഖകളും ഒപ്പിട്ട് വാങ്ങി. വ്യാജരേഖ ചമച്ച് പ്രദർശിപ്പിച്ചതായിരുന്നെങ്കിൽ ഓഫീസ്

റെയ്ഡ് ചെയ്യാതെ മറ്റുവിധത്തിലുള്ള നടപടികൾ സ്വീകരിക്കാമായിരുന്നു. വസ്തുതകളുടെ നിജസ്ഥിതി പുറത്തുകൊണ്ടുവരുന്നതിന് ജുഡീഷ്യൽ അന്വേഷണം നടത്താമായിരുന്നു . അടിയന്തിരാവസ്ഥ ക്കാലത്തുപോലും പത്രമാധ്യമങ്ങൾക്ക് നേരെ ഉണ്ടാകാത്തവിധത്തിലുള്ള ഒരു നടപടിയാണ് ക്രൈംബ്രാഞ്ച് പോലീസിനെകൊണ്ട് ചെയ്യിച്ചിരിക്കുന്നത്. ഇത് ജനാധിപത്യ സംവിധാനത്തിനു യോജിച്ചതല്ല. ജനാധിപത്യ ഭരണസംവിധാനത്തിൽ ലെജിസ്ലേച്ചറും, എക്സിക്യൂട്ടീവും, ജുഡീഷ്യറിയും കഴിഞ്ഞാൽ നാലാമത്തെ ഘടകം പത്രമാധ്യമങ്ങളാണ്. മാധ്യമങ്ങളെ ഭയപ്പെടുത്താനുള്ള ശ്രമത്തിലാണ് മുഖ്യമന്ത്രി ഏർപ്പെട്ടിരിക്കുന്നത്. അപകടകരമായ ഒരു സ്ഥിതിവിശേഷത്തിലേക്കാണ് പോകുന്നത്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി): നിയമലംഘനം നടത്തുന്നവർക്കെതിരായി സ്വീകരിക്കുന്ന നടപടികളെ ഭീഷണികൊണ്ടും സമരം കൊണ്ടും അടിച്ചമർത്താൻ ശ്രമിക്കാതെ അതിനെ പ്രോൽസാഹിപ്പിക്കുകയാണ് വേണ്ടത്. ഇവിടെ കേസിനാധാരമായ വിഷയം ഹവാലാ കേസുമായി ബന്ധപ്പെട്ടാണ്. 336 കോടി രൂപയുടെ ഹവാലാ കേസ് കേന്ദ്ര എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും സി. ബി. ഐ.യും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഹവാലാ കേസിന്റെ തുടക്കം മുതലുള്ള മുഴുവൻ രേഖകളും ഇൻഡ്യാ ഗവൺമെന്റിന്റെ കൈവശമുണ്ട്. ആ കേസുമായി ടൂറിസം വകുപ്പുമന്ത്രിയെ ബന്ധപ്പെടുത്തിയാണ് ഒപ്പും തീയതിയുമില്ലാത്ത ഒരു വ്യാജ രേഖ ഇവിടെ ഹാജരാക്കിയത്. പോലീസ് ഹെഡ്ക്വാർട്ടേഴ്സിനേയും ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിനേയും മുഖ്യമന്ത്രിയുടെ ഓഫീസിനേയും പരാമർശിക്കുന്ന ആ രേഖയിൽ ആർക്കൊക്കെ ഗൂഢാലോചനയുണ്ട് ആർക്കൊക്കെ പങ്കാളിത്തമുണ്ട് എന്ന് കണ്ടെത്തി അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് തക്ക ശിക്ഷ കൊടുക്കേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. ഈ കേസിന്റെ സത്യാവസ്ഥ മുഴുവൻ പുറത്തുകൊണ്ടുവരാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ കേസ് സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി നടത്തുമെങ്കിൽ തന്റെ കൈവശമുള്ള ഒറിജിനൽ രേഖ ഇവിടെ ഹാജരാക്കാമെന്ന് പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ സ്ഥിതിക്ക് ഒപ്പും തീയതിയുമുള്ള രേഖ ഇവിടെ ഹാജരാക്കണം. ഈ രാജ്യത്ത് നിയമവാഴ്ച ഉണ്ടാകണം. നിയമസഭാസാമാജികൻമാർക്ക് ഒരു ഉത്തരവാദിത്വമുണ്ട്.

അവർ നിയമലംഘനത്തിനും ബ്ളാക് മെയിലിംഗ് പ്രാക്ടീസിനും കൂട്ടുനിൽക്കാൻ പാടില്ല. നിങ്ങളുടെ കയ്യിൽ രേഖയുണ്ടെങ്കിൽ അത് പുറത്തെടുക്കാതെ കൃത്രിമ രേഖ കെട്ടിച്ചമച്ചതിനെതിരെ കേസെടുത്ത് നടപടികളുമായി മുന്നോട്ടു പോകുമ്പോൾ അതിനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. കൃത്രിമ രേഖ കെട്ടിച്ചമയ്ക്കാൻ കൂട്ടുനിൽക്കരുത്. അതിനെ പ്രോൽസാഹിപ്പിക്കരുത്. അത്

വാർത്താ മാദ്ധ്യമങ്ങളുടെ ക്രെഡിബിലിറ്റിക്കാവശ്യമാണ്. പ്രതിപക്ഷാംഗങ്ങളും വാർത്താ മാദ്ധ്യമങ്ങളും തെറ്റു തിരുത്താൻ ശ്രമിക്കണം. തങ്ങളുടെ സംഘത്തിലുള്ളവർക്ക് തെറ്റു പറ്റിയാൽ അവരെ ശാസിക്കുകയും ഇത്തരം സംഭവങ്ങൾ ഇനിയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ വളരെ ആലോചിച്ച് എടുത്ത തീരുമാനമാണ്. കുറ്റം ചെയ്താൽ പിടികൂടപ്പെടും. കൃത്രിമ രേഖ കെട്ടിച്ചമയ്ക്കാൻ ഗൂഢാലോചനയിൽ പങ്കെടുത്ത മുഴുവൻ ആൾക്കാരേയും കണ്ടുപിടിക്കും . ഈ കേസ്സുമായി മുന്നോട്ടുപോകും. ഭീഷണികൊണ്ട് പുറകോട്ട് പോകുന്ന പ്രശ്നമില്ല. പോലീസിനോട് അവരുടെ കടമ നിർവ്വഹിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സംഭവത്തിന്റെ സത്യാവസ്ഥ മനസ്സിലാക്കി കൃത്രിമ രേഖയുണ്ടാക്കാൻ കൂട്ടുനിന്നവരേയും ഗൂഢാലോചന നടത്തിയവരേയും നിയമത്തിന്റെ മുമ്പിൽ ഹാജരാക്കുകയും അർഹമായ ശിക്ഷ നൽകുകയും ചെയ്യും. ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ.എ. അസീസ്സ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൻമാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ഡോ. എ. നീലലോഹിത ദാസൻ നാടാരും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

**ശ്രദ്ധക്ഷണിക്കൽ**

<u>കഞ്ചാവ്, മദ്യമാഫിയകളുടെ ആക്രമണംമൂലം ആദിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ കഞ്ചാവ് – മദ്യമാഫിയകൾ കഞ്ചാവും വ്യാജമദ്യവും വ്യാപകമായി ഉൽപ്പാദിപ്പിക്കുകയും അത് വിറ്റഴിക്കുന്നതിന് സ്ത്രീകളും കുട്ടികളുമടക്കമുള്ള ആദിവാസികളെ ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു. അതിന് വിസമ്മതിക്കുന്നവരെ കൊലപ്പെടുത്താനും മദ്യമാഫിയ മടിക്കുന്നില്ല. ആദിവാസികൾക്ക് സംരക്ഷണം നൽകേണ്ട പോലീസും മറ്റ് ഉദ്യോഗസ്ഥന്മാരും നിഷ്ക്രിയരായ

തിനാൽ അട്ടപ്പാടി സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിരിക്കുകയാണ്. സാമൂഹ്യവിരുദ്ധ സ്വഭാവമുള്ള ഉദ്യോഗസ്ഥന്മാരെ ഒരു ശിക്ഷാനടപടി പോലെ അട്ടപ്പാടിയിലേയ്ക്ക് സ്ഥലം മാറ്റുന്നത് പ്രശ്നത്തെ കൂടുതൽ വഷളാക്കുന്നു. ആദിവാസികളുടെ ഭൂമി കയ്യടക്കുക, അവരെക്കൊണ്ട് കുറഞ്ഞ കൂലിക്ക് പണിയെടുപ്പിക്കുക, അനാശാസ്യ പ്രവർത്തനങ്ങൾക്ക് വിധേയരാക്കുക എന്നിങ്ങനെ എല്ലാവിധത്തിലും അവരെ പീഡിപ്പിക്കുന്നു. കഞ്ചാവ് കൃഷിയെപ്പറ്റിയുള്ള വിവരങ്ങൾ പുറത്തുകൊണ്ടുവരുന്ന ആദിവാസികളെ വളരെ മോശമായി ചിത്രീകരിക്കുന്ന പ്രവണത പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. കഞ്ചാവ്–മദ്യമാഫിയകൾ കൊലപ്പെടുത്തുന്ന ആദിവാസികളെ സംബന്ധിച്ച് പോലീസ് റിക്കോർഡിൽ രേഖപ്പെടുത്തുന്നത് കുടുംബപ്രശ്നങ്ങളാൽ ആത്മഹത്യ ചെയ്തിരിക്കുന്നു എന്നാണ്. കഞ്ചാവ്–മദ്യമാഫിയകളുടെ ഭീകര മർദ്ദനത്തിനിരയായ അട്ടപ്പാടിയിലെ കറുപ്പൻ എന്ന ആദിവാസി കോയമ്പത്തൂർ ആശുപത്രിയിൽവച്ചു മരിച്ചു; കറുപ്പന്റെ അളിയൻ തൂങ്ങി മരിച്ചു; പുത്തൂർ പഞ്ചായത്തിലെ മുരുകേശൻ എന്ന ആദിവാസിയെ ഷോക്കേല്പിച്ചു കൊലപ്പെടുത്തി. ഇവരുടെയെല്ലാം ബന്ധുക്കൾക്ക് ധാരാളം പണം നൽകി സ്വാധീനിച്ച് കേസിന്റെ തുടർ നടപടികളിൽ നിന്നും രക്ഷപ്പെടുന്ന തന്ത്രങ്ങളും കഞ്ചാവ്–മദ്യമാഫിയകൾ സ്വീകരിക്കുന്നുണ്ട്. അട്ടപ്പാടിയിലെ 183 ആദിവാസി ഊരുകളും ഇവരുടെ നിയന്ത്രണത്തിലാണ്. സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടികളെടുക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u>: പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ കഞ്ചാവ്–മദ്യമാഫിയകളെ ഒറ്റുകൊടുത്തു എന്നു പറഞ്ഞ് കറുപ്പൻ എന്ന ആദിവാസിയെ ശശി, ജോൺ തുടങ്ങിയവർ ചേർന്ന് ഭീകരമായി മർദ്ദിച്ചു. മാരകമായി പരിക്കുപറ്റിയ കറുപ്പൻ കോയമ്പത്തൂർ ആശുപത്രിയിൽ വച്ച് മരണപ്പെടുകയുണ്ടായി. ഇൻഡ്യൻ ശിക്ഷാ നിയമമനുസരിച്ചും 1989–ലെ പട്ടികജാതി–പട്ടികവർഗ്ഗ പീഡന നിരോധന

നിയമപ്രകാരവും അഗളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് ഇത്തരം കേസുകൾ തേച്ചുമാച്ചുകളയാൻ ശ്രമിക്കുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കഞ്ചാവ്-മദ്യമാഫിയകൾക്ക് പോലീസ് യാതൊരുവിധ സഹായവും ചെയ്തുകൊടുക്കുന്നില്ല. ആദിവാസി മേഖലയിൽ നടക്കുന്ന ചൂഷണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ നിർദ്ദേശങ്ങൾ ഉണ്ടാകുന്നതിന് പ്രതിപക്ഷവുമായി ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

(2) **<u>സൈബർ ക്രൈം സെല്ലുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. എ.പി. അനിൽ കുമാർ:</u> വിവര സാങ്കേതിക വിദ്യാ രംഗത്ത് കേരളം വളരെ മുന്നോട്ടു പോകുന്നതിനുള്ള ശ്രമത്തിലാണ്. ഈ മേഖലയെ വളരെയധികം ദുരുപയോഗം ചെയ്യുന്ന പ്രവണതയും വർദ്ധിച്ചു വരുന്നു. ആഗോളതലത്തിൽത്തന്നെ നിലനില്ക്കുന്ന കുറ്റ കൃത്യങ്ങൾ സംബന്ധിച്ച് CERT എന്ന സംഘടന പഠിക്കുകയും 52000 ത്തോളം കേസുകൾ കണ്ടുപിടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം മാത്രം 22000 കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കപ്പെട്ടു. മഹാരാഷ്ട്ര, കർണാടക, ആന്ധ്രാ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി സൈബർ ക്രൈം സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യാരംഗത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് പൊതുജനങ്ങളിൽ ആശങ്ക ഉളവാക്കിയിട്ടുണ്ട്. ഇത് വിവരസാങ്കേതിക വിദ്യയുടെ വ്യാപനത്തെ പ്രതികൂലമായി ബാധിക്കും. കേരളത്തിൽ വെബ്സൈററിലൂടെ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതായുള്ള വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നുണ്ട്. അശ്ലീല ചിത്രങ്ങളുമായി ബന്ധപ്പെടുത്തി മോർഫിംഗിലൂടെ സമൂഹത്തിലെ ഉന്നതരായ ആളുകളെ അപമാനിക്കുന്ന

തിനു വേണ്ടിയുള്ള പ്രവണതയും ഇന്ന് വളർന്നുവരുന്നുണ്ട്. ഇന്റർനെറ്റ് കഫെകളിൽക്കൂടിയും അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന അവസ്ഥാവിശേഷം കേരളത്തിൽ സംജാതമായി വരികയാണ്. ഈ സാഹചര്യത്തിൽ സൈബർ യുഗത്തിന്റെ അനന്തമായ സാദ്ധ്യതകൾ ഉപയോഗിക്കുമ്പോൾ പുതിയ തലമുറ വഴിതെറ്റിപ്പോകാതിരിക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് സൈബർ ക്രൈം സെല്ലുകൾ ആരംഭിക്കുകയും ബോധവൽക്കരണം നടത്തുകയും വേണം.

മുഖ്യമന്ത്രി(ശ്രീ.എ.കെ.ആന്റണി): വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിനും ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും ആവശ്യമായ നിയമങ്ങൾ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്ന എല്ലാ

വിനിമയങ്ങൾക്കും നിയമ സാധുത നൽകുന്നതിനായി 2002-ലെ ഇൻഡ്യൻ സൈബർ ലാ ആന്റ് ഇൻഫർമേഷൻ ടെക്നോളജി ആക്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇൻഡ്യൻ പീനൽ കോഡ്, ഇൻഡ്യൻ എവിഡൻസ് ആക്ട് തുടങ്ങിയ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്. ഐ.ടി. ആക്ടിന്റേയും റൂളുകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പോലീസ് വകുപ്പിന് ഐ.ടി. രംഗത്തെ തെററായ പ്രവണതകൾക്കെതിരെ നടപടികൾ എടുക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ വിവര സാങ്കേതികവിദ്യാരംഗത്തെ കുററകൃത്യങ്ങൾ തടയുന്നതിന് സൈബർ ക്രൈം സെല്ലുകൾ പ്രത്യേകമായി രൂപീകരിക്കേണ്ട ആവശ്യമില്ല. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളെല്ലാം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## സബ്മിഷൻ

(1) ഇരവിപുരം നിയോജകമണ്ഡലത്തിലെ ദേവദാസ് എന്ന ചിട്ടിയുടമയുടെ മരണം

ശ്രീ. എ.എ.അസീസ്: ഇരവിപുരം നിയോജകമണ്ഡലത്തിലെ ദേവദാസ് എന്ന ചിട്ടിയുടമയുടെ മരണത്തിൽ ദുരൂഹതയുള്ളതായി നാട്ടുകാരും വീട്ടുകാരും സംശയിക്കുന്നു. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ.ആന്റണി): ദേവദാസിന്റെ മരണകാര്യത്തെക്കുറിച്ച് കുണ്ടറ സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

(2) പറവൂർ ബ്രാഞ്ച് കനാലിന്റെ അറ്റകുറ്റപ്പണികൾ

ശ്രീ. വി.ഡി. സതീശൻ: പറവൂർ നിയോജക മണ്ഡലത്തിലെ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ പറവൂർ ബ്രാഞ്ച് കനാലിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വെള്ളമെത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പറവൂർ ബ്രാഞ്ച് കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ടെന്റർ വിളിച്ചിട്ട് ആരും ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. ഈ വർഷം വീണ്ടും ടെന്റർ ക്ഷണിച്ചിട്ടുണ്ട്. ഈ പണി ഏറ്റെടുക്കുന്നതിന് ആരും മുന്നോട്ട് വന്നില്ലെങ്കിൽ എന്ത് സംവിധാനം ഏർപ്പെടുത്തണമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്.

(3) പയ്യന്നൂർ കെ.എസ്.ആർടി.സി. ഡിപ്പോയിൽ നിന്നും കൂടുതൽ ബസ് സർവ്വീസും മലയോര മേഖലയിലേക്ക് മിനി ബസ് സർവ്വീസും ആരംഭിക്കേണ്ടത് സംബന്ധിച്ച്

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ: പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിലവിലുണ്ടായിരുന്ന 89 ഷെഡ്യൂളുകൾ 58 ആയി വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കണം. പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് ഒരു ബസ് അനുവദിക്കുകയും മലയോര മേഖലയിലേക്ക് മിനി ബസ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ഉണ്ടായിരുന്ന 74 ഷെഡ്യൂളുകളിൽ കൂടുതലും പേപ്പർ ഷെഡ്യൂളുകളായിരുന്നു. ഈ ഡിപ്പോയിൽ നിന്ന് ഇപ്പോൾ 58 ഷെഡ്യൂളുകൾ കൃത്യമായി ഓടുന്നുണ്ട്. 26-6-2002-ലെ കണക്കു പ്രകാരം ഈ ഡിപ്പോയിൽനിന്ന് 56 ഷെഡ്യൂളുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്. കൂടുതൽ ബസ്സുകൾ വാങ്ങുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പണം കടമെടുത്ത് 100 പുതിയ ബസ്സുകൾ ഉടൻതന്നെ വാങ്ങുന്നതാണ്. മിനി ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് മലയോര പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് മുൻഗണന കൊടുക്കാം.

### (4) കോയിപ്രം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന 33 കെ.വി. ലൈൻ നിർമ്മാണം പുനരാരംഭിക്കൽ

ശ്രീമതി മാലേത്ത് സരളാദേവി : ആറന്മുള നിയോജക മണ്ഡലത്തിലെ കോയിപ്രം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ടെന്റർ നൽകിയ കമ്പനി വർക്ക് ചെയ്യാത്തതിനാൽ നോട്ടീസ് നൽകി ടെന്റർ അവസാനിപ്പിച്ചിട്ട് വേറെ ആരെയെങ്കിലും പണി ഏല്പിക്കാനുള്ള നടപടി സ്വീകരിക്കാം.

### (5) പൊതുമരാമത്ത് വകുപ്പിൽ എൻ.എം.ആർ. വിഭാഗക്കാരായുള്ള ജീവനക്കാരുടെ തസ്തികൾ

ശ്രീ. പി. നാരായണൻ: പൊതുമരാമത്ത് വകുപ്പിൽ എൻ. എം. ആർ. വിഭാഗത്തിലുള്ള ജീവനക്കാരുടെ തസ്തികകൾ പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): എൻ. എം. ആർ. വർക്കേഴ്സിനെ നിയമിക്കുന്ന നടപടി 4-7-1983-ൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം നിർത്തൽ ചെയ്തതാണ്. ഈ വിഭാഗത്തിൽ പുതിയതായി നിയമനം നടത്താൻ ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

### (6) ചടയമംഗലത്തുള്ള തോട്ടത്തറയിൽ നിർമ്മിച്ച സെറിക്കൾച്ചർ

<u>കോംപ്ളക്സ് പ്രവർത്തനയോഗ്യമാക്കൽ</u>

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ</u>: ചടയമംഗലം നിയോജക മണ്ഡലത്തിലെ തോട്ടത്തറയിൽ കോടിക്കണക്കിന് രൂപ മുടക്കി നിർമ്മിച്ച സെറികൾച്ചർ കോംപ്ളക്സും ഗ്രെയിനേജ് സെന്ററും പ്രവർത്തനക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കണം.

ഗ്രാമവികസന വകുപ്പുമന്ത്രി (<u>ശ്രീ. സി. എഫ്. തോമസ്</u>): തോട്ടത്തറയിലെ സെറിക്കൾച്ചർ കോംപ്ളക്സ് ഒരു മികച്ച സ്ഥാപനമാക്കി ഉയർത്താനും അതിനാവശ്യമായ തുക ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(7) <u>തലശ്ശേരി റെയിൽവേ ലെവൽ ക്രോസിൽ നടന്ന അപകടം</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഗേറ്റ്മാൻ ലെവൽ ക്രോസ് അടയ്ക്കാത്തതുമൂലം തലശ്ശേരിയിലുണ്ടായ ട്രെയിൻ അപകടത്തിൽ മരണമടഞ്ഞ സ്ക്കൂൾ വാൻ ഡ്രൈവറുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനുള്ള നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (<u>ശ്രീ. എ.കെ. ആന്റണി</u>): തലശ്ശേരിയിലെ ലെവൽ ക്രോസിലുണ്ടായ ട്രെയിൻ അപകടത്തെത്തുടർന്ന് തലശ്ശേരി പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അസിസ്റ്റന്റ് സ്റ്റേഷൻ മാസ്റ്ററേയും ഗേറ്റ്മാനേയും റെയിൽവേ അധികൃതർ സസ്പെന്റ് ചെയ്യുകയും ചെയതിട്ടുണ്ട്. ഇതുപോലുള്ള അപകടങ്ങളിൽ നഷ്ടപരിഹാരം നൽകേണ്ടത് റെയിൽവേയായതിനാൽ അതിന് അവരോട് ആവശ്യപ്പെടാം.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## **അറിയിപ്പ്**

പ്ളസ് ടൂവിന് അപേക്ഷിക്കാനുള്ള തീയതി ദീർഘിപ്പിച്ചത് സംബന്ധിച്ച്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): എസ്. എസ്. എൽ. സി. പരീക്ഷയുടെ 'സേ' പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി പ്ളസ് ടൂവിന് അപേക്ഷിക്കാനുള്ള അവസരം നൽകുന്നതിനായി പ്ളസ് ടൂവിന് അപേക്ഷിക്കാനുള്ള തീയതി 2002 ജൂലായ് മാസം 15-ാം തീയതിവരെ നീട്ടാനും പ്ളസ് ടൂവിന്റെ സീറ്റിൽ 10 ശതമാനം മാർജിനൽ ഇൻക്രീസ് അനുവദിക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ള വിവരം സഭയെ അറിയിക്കുന്നു.

## **പ്രമേയങ്ങൾ**

(1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന കസ്റ്റഡി മരണങ്ങളും പോലീസ് അതിക്രമങ്ങളും

(2001 നവംബർ മാസം 30-ാം തീയതി ശ്രീ. കെ.വി. കുഞ്ഞിരാമൻ നോട്ടീസ് നൽകിയ പ്രമേയം)

(ചർച്ച തുടർച്ച)

ശ്രീ. കെ. രാധാകൃഷ്ണൻ: ജനങ്ങളുടെ സഹായിയും വഴികാട്ടിയുമായി പ്രവർത്തിക്കേണ്ട പോലീസ് ഇന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ തയ്യാറാകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് / കസ്റ്റഡി മരണങ്ങളും മറ്റു തരത്തിലുള്ള പീഡനങ്ങളും വർദ്ധിച്ചിരിക്കുന്നു. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ജനങ്ങളെ ദ്രോഹിക്കുന്ന നടപടികളിൽനിന്നും പിൻമാറണം. പോലീസ്സിനെ സർവ്വതന്ത്ര സ്വതന്ത്രരാക്കി അവർക്ക് എന്തും ചെയ്യാമെന്നുള്ള അവസ്ഥ ഗവൺമെന്റ് സൃഷ്ടിക്കരുത്. സ്ത്രീപീഡനം, ബലാൽസംഗം, രാഷ്ട്രീയ സംഘട്ടനം, രാഷ്ട്രീയ കൊലപാതകം, കവർച്ച എന്നിവ

ക്രമാതീതമായി വർദ്ധിച്ചുവരുന്നുവെന്നു മാത്രമല്ല, പോലീസ് അതിനൊക്കെ സംരക്ഷണവും ഒത്താശയും ചെയ്തുകൊടുക്കുന്ന സ്ഥിതിവിശേഷവും ഉണ്ടായിരിക്കുന്നു. പോലീസ്സിനെ മർദ്ദനോപകരണമായി മാറ്റാതെ ജനങ്ങളുടെ നൻമയ്ക്കും പുരോഗതിക്കുംവേണ്ടി വിനിയോഗിക്കണം. തൊഴിൽ തർക്കങ്ങളിൽ പോലീസ്സിന്റെ ഇടപെടൽ ഒഴിവാക്കണം. ജനപ്രതിനിധികളെ കള്ളക്കേസിൽ കുടുക്കുന്ന ഏർപ്പാട് അവസാനിപ്പിക്കണം. ഭരണകൂടത്തിന്റെ തെറ്റായ നയസമീപനങ്ങളെ വിമർശിക്കുന്ന മാദ്ധ്യമങ്ങളെ ദ്രോഹിക്കുന്ന കേന്ദ്രഗവൺമെന്റ് നിലപാടിനെ പിന്തുടരുകയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നത്. കേന്ദ്രത്തിലും സംസ്ഥാനത്തും വ്യത്യസ്ത സമീപനങ്ങളാണ് കോൺഗ്രസ്സ് സ്വീകരിക്കുന്നത്. കേരളത്തിലേയ്ക്കുള്ള മദ്യം, മയക്കുമരുന്ന് കള്ളക്കടത്ത് തടയാനും പെരുകിവരുന്ന വാടക ഗുണ്ടകളെ നിയന്ത്രിക്കാനും പോലീസ് ശ്രമിക്കണം. പോലീസ്സിനെ ജനസേവകരായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ .ജി. പ്രതാപവർമ്മ തമ്പാൻ</u> : പ്രമേയത്തെ എതിർക്കുന്നു . കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ് അവതരിപ്പിച്ചിരുന്നെങ്കിൽ ഈ പ്രമേയത്തിന് പ്രസക്തി ഉണ്ടാകുമായിരുന്നു . ആലപ്പുഴയിൽ തങ്ങൾകുഞ്ഞിനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ച് കൊലപ്പെടുത്തി. ഭാര്യയോടൊപ്പം മോട്ടോർസൈക്കിളിൽ യാത്രചെയ്തിരുന്ന ബി. ജെ. പി. പ്രവർത്തകനെ പിടിച്ചിറക്കി വെട്ടിക്കൊലപ്പെടുത്തി. ജയകൃഷ്ണൻ മാസ്റ്ററെ പിഞ്ചുകുഞ്ഞുങ്ങളുടെ മുന്നിൽ വച്ച് വെട്ടിക്കൊലപ്പെടുത്തി. പരുമല കോളേജിലെ മൂന്ന് വിദ്യാർത്ഥികൾ പ്രാണരക്ഷാർത്ഥം പമ്പയാറ്റിൽ ചാടിയിട്ടുപോലും രക്ഷപ്പെടാൻ സമ്മതിക്കാതെ കല്ലെറിഞ്ഞ് കൊന്നു. പ്രതികളെ രക്ഷപ്പെടുത്താൻ ശ്രമിച്ച പോലീസ് നടപടിയെ കോടതിപോലും വിമർശിച്ചു. അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിൽ നടത്തിയ അക്രമം, വാവച്ചൻകൊല, കോഴിക്കോട് യൂണിവേഴ്സിറ്റി ജീവനക്കാരി പി. ഇ. ഉഷയ്ക്ക് ഏല്ക്കേണ്ടിവന്ന പീഡനങ്ങളും ഭീഷണികളും ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടന്നതാണ്. അക്രമങ്ങളുടെയെല്ലാം ഒരു ഭാഗത്ത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയാണുണ്ടായിരുന്നത് . കഴിഞ്ഞകാല സംഭവങ്ങളുടെ കുറ്റബോധത്തിൽ നിന്നാണ് ഈ പ്രമേയം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് . ഒരു മദ്യവിരുദ്ധപ്രവർത്തകനെ പോലീസ് ചവിട്ടിക്കൊന്നപ്പോൾ മരണകാരണം ഹൃദ്രോഗമാണെന്ന് വരുത്തിത്തീർത്ത നേതാവിന്റെ അണികൾ ഇത്തരം പ്രമേയം കൊണ്ടുവരുന്നതിൽ അതിശയിക്കേണ്ടതില്ല. കൊല്ലം എസ്. എൻ. കോളേജ് പ്രിൻസിപ്പാളിനെ ബന്ദിയാക്കിവച്ചിട്ട് എം. എൽ. എ. മാരുടെയും എം. പി. യുടെയും സാന്നിദ്ധ്യത്തിൽ കരാർ ഒപ്പുവച്ച സംഭവം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. ഇപ്പോൾ കണ്ണൂരിൽ രാഷ്ട്രീയ കൊലപാതകങ്ങളില്ല. സമാധാനപരമായ അന്തരീക്ഷമുണ്ടായിരിക്കുന്നു. ഇത്തരത്തിലൊരു പ്രമേയം അവതരിപ്പിക്കാൻ പ്രതിപക്ഷത്തിന് യാതൊരു അവകാശവുമില്ല. ഈ പ്രമേയം നിരാകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: പ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളിൽ എസ്. ഐ. ക്കും പാർട്ടി സെക്രട്ടറിക്കും രണ്ട് കസേരയുണ്ടായിരുന്ന അവസ്ഥയ്ക്ക് മാറ്റം വന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ജനനേതാക്കളെ അക്രമിച്ച സംഭവങ്ങളും ഭരണഘടന അനുശാസിക്കുന്ന മൗലിക അവകാശങ്ങളെ മുഴുവൻ ചവിട്ടി മെതിച്ച സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ആ അവസ്ഥയ്ക്ക് മാറ്റം വന്നിട്ടുള്ള ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ഒരു പ്രമേയത്തിന് പ്രസക്തിയില്ല. ഈ ഗവൺമെന്റിന്റെ പോലീസ് വകുപ്പ് ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. തോമസ് ചാഴികാടൻ: പ്രമേയത്തെ എതിർക്കുന്നു. കേരളത്തിലെ പോലീസ് കുറ്റാന്വേഷണ കാര്യങ്ങളിൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നവരാണെന്നത് അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. എല്ലാ ഗവൺമെന്റുകളുടെ കാലത്തും പോലീസ് മർദ്ദനവും മൂന്നാം മുറയുമൊക്കെ ഉണ്ടായിട്ടുണ്ട്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മരണം, ലോക്കപ്പ് മർദ്ദനം തുടങ്ങിയ കേസുകളിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുകയും അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ രാഷ്ട്രീയ ഇടപെടൽ വേണ്ടെന്ന ഗവൺമെന്റിന്റെ തീരുമാനം ശ്ലാഘനീയമാണ്. പോലീസ് വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം.

ശ്രീ. എൻ. രാജൻ: പ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം ലോക്കപ്പ് മരണങ്ങളും കസ്റ്റഡി മരണങ്ങളും വർദ്ധിച്ചുവരുന്ന കാലഘട്ടമായിരുന്നു എന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. പോലീസ് വകുപ്പിന് നാഥനില്ലാത്ത അവസ്ഥയാണുള്ളത്. പോലീസിന്റെ അതിക്രമങ്ങളിൽ മനംനൊന്ത് ഈ നാട്ടിലെ ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണ്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ:) പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ കസ്റ്റഡി മരണങ്ങളോ പോലീസ് അതിക്രമങ്ങളോ ഇവിടെ വർദ്ധിച്ചുവരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് അതിക്രമങ്ങളെ സംബന്ധിക്കുന്ന 13 ആരോപണങ്ങളുണ്ടായിട്ടുണ്ട്. അതിൻമേൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക്കപ്പ് മരണം നടന്നുവെന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. പരാതിയുണ്ടായ സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും അതിക്രമങ്ങൾ ഉണ്ടായിട്ടുണ്ടെന്നു തെളിഞ്ഞ സംഭവങ്ങളിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസിന്റെ പ്രവർത്തനത്തെ ശരിയായരീതിയിൽ

നയിക്കുന്നതിനുള്ള കർശനമായ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസ് ഡിപ്പാർട്ടുമെന്റിലെ എല്ലാ ഉന്നത ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ട്. ഇവിടെ ഉന്നയിച്ച ആക്ഷേപങ്ങൾ രാഷ്ടീയപ്രേരിതമായിട്ടുള്ളതാണ്. കുറ്റക്കാരെ ഒരു തരത്തിലും ഈ ഗവൺമെന്റ് രക്ഷിക്കുകയില്ലെന്ന് വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ ഈ പ്രമേയം അപ്രസക്തമാണ്. അതുകൊണ്ട് ഈ പ്രമേയം പിൻവലിക്കണം.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രമേയം 18–ന് എതിരെ 38 വോട്ടുകളോടെ സഭ നിരാകരിച്ചു.

(2) <u>അൺഎയിഡഡ് സ്ക്കൂളുകളിൽ പ്ളസ് ടു ആരംഭിക്കുവാനുള്ള നടപടി</u>

<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u> ''അൺഎയിഡഡ് സ്ക്കൂളുകളിൽ പ്ളസ് ടു ആരംഭിക്കുവാനും വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷങ്ങൾക്കുള്ള പ്രത്യേക അവകാശങ്ങൾ ഇല്ലാതാക്കാനുമുള്ള ഗവൺമെന്റ് നീക്കത്തിൽ ഈ സഭ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. വിദ്യാഭ്യാസനയം പോലുള്ള മൗലിക പ്രാധാന്യമുള്ള കാര്യങ്ങളിൽ കരുതൽ ഇല്ലാതെ കൈക്കൊള്ളുന്ന ഇത്തരം സമീപനങ്ങളിൽ നിന്നും പിൻതിരിയണമെന്നും സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ.കെ.പി. രാജേന്ദ്രൻ:</u> വളരെ പ്രധാനപ്പെട്ട ഒരു പ്രമേയമാണ് ഇത്. അൺ എയിഡഡ് സ്കൂളുകളിൽ പ്ളസ് ടൂ ആരംഭിക്കുവാനും എയിഡഡ് സ്കൂളുകളിൽ അൺ എയിഡഡ് പ്ളസ് ടൂ കോഴ്സുകൾ അനുവദിക്കാനുമുള്ള ഗവൺമെന്റ് നീക്കം ഉപേക്ഷിക്കണം. സാധാരണക്കാരായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കുന്നതിന് ഈ തീരുമാനം വഴിതെളിക്കുന്നതാണ്. കേരളത്തിലെ ജനങ്ങൾക്കു മുഴുവൻ ആശങ്ക ഉളവാക്കിയിരിക്കുന്ന ഇത്തരം സമീപനങ്ങളിൽനിന്ന് സർക്കാർ പിന്തിരിയണം. 1987–ലാണ് കേരളത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം ആരംഭിക്കുന്നത്. അന്ന് അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ ദീർഘവീക്ഷണത്തോടുകൂടി വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ പ്രതിബദ്ധത ഉയർത്തിപ്പിടിച്ചുകൊണ്ട് സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം എല്ലാപേർക്കും എത്തിച്ചുകൊടുക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് സ്കൂളുകളിൽ ഹയർ സെക്കന്ററി കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ വിദ്യാഭ്യാസ നടപടി ക്രമത്തിന് തുടക്കം കുറിച്ചത്. അതിന്റെ ഫലമായി പൊതു വിദ്യാഭ്യാസത്തിന് ശക്തമായ ഒരു അടിത്തറ ഉണ്ടാക്കാൻ കഴിഞ്ഞു. അഖിലേന്ത്യാ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവും ആയിരിക്കണമെന്ന

കാഴ്ചപ്പാടോടുകൂടി 2002 മേയ് 17-ാം തീയതി പാർലമെന്റ് 93-ാം ഭരണഘടന ഭേദഗതി പാസ്സാക്കി. 923 വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ആരംഭിച്ചു. എയിഡഡ് സകൂളുകളിലും അൺ എയിഡഡ് സ്കൂളുകളിലും അൺ എയിഡഡ് പ്ളസ് ടു അനുവദിച്ചാൽ ഇന്ന് എല്ലാ വിഭാഗം കുട്ടികൾക്കും കിട്ടിക്കൊണ്ടിരിക്കുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും ഇല്ലാതാകും. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സംഘടനകൾ, പ്രൈവറ്റ് സ്കൂളുകളിലെ മാനേജർമാർ ഉൾപ്പെടെ ഈ തീരുമാനത്തെ ശക്തിയായി എതിർക്കുകയാണ്. അതുകൊണ്ട് ഈ തീരുമാനത്തിൽനിന്നും ബഹുമാനപ്പെട്ട മന്ത്രി പിന്തിരിയണം.

<u>ശ്രീ. പി.എസ്. സുപാൽ:</u> പ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ മേഖലയെ ഒരു കച്ചവട മേഖലയാക്കി ഈ ഗവൺമെന്റ് മാറ്റിയിരിക്കുകയാണ്. ഈ ഗവൺമെന്റിന് വിദ്യാഭ്യാസ മേഖലയ്ക്ക് വ്യക്തമായ ഒരു നയമില്ല. വിദ്യാഭ്യാസ മേഖല സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുക്കാനും അഴിമതിക്കുള്ള സാദ്ധ്യതകൾ ഉണ്ടാക്കാനുമാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിന്റെ കാലഘട്ടത്തിലാണ് പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സ്കൂളുകളിൽ പ്ളസ് ടു ആരംഭിച്ചത്. ഈ രംഗത്ത് അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനു പകരം അൺ എയിഡഡ് മേഖലയ്ക്ക് കച്ചവടത്തിനുള്ള വേദിയാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. എയിഡഡ് സ്കൂളുകൾക്ക് അൺ എയിഡഡ് പ്ളസ് ടു കൊടുത്തുകൊണ്ട് നിയമാനുസൃതമായ എയിഡഡ് കോഴ്സുകൾ ആക്കാനുള്ള നീക്കമാണ് നടത്തുന്നത്. ഇത് വിദ്യാർത്ഥികളെ സഹായിക്കാൻ വേണ്ടി സ്വീകരിക്കുന്ന നിലപാടല്ല.

<u>ശ്രീ. എ.പി. അനിൽകുമാർ:</u> പ്രമേയത്തെ എതിർക്കുന്നു. ഈ പ്രമേയം കാലഘട്ടത്തിനനുകൂലമാണോ ആലോചിക്കണം. ഇന്ന് എസ്.എസ്.എൽ.സി.ക്ക് ഫസ്റ്റ് ക്ളാസ്സും ഡിസ്റ്റിംഗ്ഷനും ലഭിക്കുന്നവർക്കുപോലും ഉന്നത വിദ്യാഭ്യാസത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. മലപ്പുറം പോലുള്ള ജില്ലകളിൽ പ്ളസ് ടു കോഴ്സുകൾ നാമമാത്രമായിട്ടാണ് അനുവദിച്ചിരിക്കുന്നത്. അൺ എയിഡഡ് സ്കൂളുകളിൽ പ്ളസ് ടു അനുവദിക്കാൻ എടുത്ത തീരുമാനം വളരെ സ്വാഗതാർഹമാണ്. അൺഎയ്ഡഡ് സ്ക്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിക്കുമ്പോൾ സയൻസ്, ആർട്സ് ഗ്രൂപ്പുകൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രമേ നിയമിക്കുകയുള്ളുവെന്ന് ഉറപ്പുവരുത്തണം. ന്യൂനപക്ഷവിഭാഗങ്ങൾ ഏറെയുള്ള മലപ്പുറം ജില്ലയിലെ ദുർബ്ബല വിഭാഗങ്ങൾക്ക് അൺ എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കാനുള്ള അവസരം ഉണ്ടാകണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അൺ എയ്ഡഡ് സ്ക്കൂളുകളിൽ സംവരണം ഏർപ്പെടുത്തണം. നിലവിലുള്ള വിദ്യാലയങ്ങളുടെ

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കണ്ടുകൊണ്ട് ഈ പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ എതിർക്കുന്നു. അൺഎയ്ഡഡ് സ്ക്കൂളുകളിൽ പ്ളസ് ടു കോഴ്സ് ആരംഭിക്കാനുള്ള നടപടിയും എയ്ഡഡ് സ്ക്കൂളുകളിൽ അൺ എയ്ഡഡ് പ്ളസ് ടൂ ആരംഭിക്കാനുള്ള നടപടിയും സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം അംഗീകരിക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. ഉന്നതവിദ്യാഭ്യാസത്തിനുതകുന്നവിധം കൂടുതൽ പ്രൊഫഷണൽ കോളേജുകളും പ്ലസ് ടൂ സ്ക്കൂളുകളും ആരംഭിക്കുവാനുള്ള നടപടി സ്വാഗതാർഹമാണ്. ഭരണ–പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ ഭാഗത്തു നിന്നും പിന്തുണയുണ്ടാകണം.

ശ്രീ. റോഷി അഗസ്റ്റിൻ: പ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്തിനാവശ്യമായ വിദ്യാഭ്യാസം നല്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന നടപടി ഉത്തമവും ഉദാരശീലവുമാണ്. പ്ളസ് ടൂ അനുവദിച്ച ഗവൺമെന്റ് സ്ക്കൂളുകളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല. വിദ്യാഭ്യാസമേഖലയിൽ സ്വീകരിക്കുന്ന നയങ്ങൾ കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. ലക്ഷോപലക്ഷം വിദ്യാർത്ഥികളുടെ ഭാവി മുന്നിൽ കണ്ടുകൊണ്ട് ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനത്തെ അംഗീകരിക്കുന്നു.

ശ്രീ. കെ.കെ. ഷാജു: പ്രമേയത്തെ എതിർക്കുന്നു. മറ്റു പല സംസ്ഥാനങ്ങളിലും പ്ളസ് ടൂവിനു ഏത് ഗ്രൂപ്പ് എടുത്ത് പഠിച്ചാലും നഴ്സിംഗ് കോഴ്സിന് ചേരുവാൻ സാധിക്കുന്ന സാഹചര്യം ഉണ്ട്. അത്തരം പരിഷ്ക്കാരം ഇവിടെയും ഏർപ്പെടുത്തുന്നത് ഗുണകരമാണ്. വിദ്യാഭ്യാസമേഖലയിൽ ഏറ്റവും പ്രയോജനപ്രദമായ നടപടികൾ സ്വീകരിക്കാനുതകുന്ന ഇപ്പോഴത്തെ നയവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകണം.

ശ്രീ. എ.കെ. ബാലൻ: പ്രമേയത്തെ പിന്താങ്ങുന്നു. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, ആയുർദൈർഘ്യം, ഗതാഗതം തുടങ്ങിയ മേഖലകളിൽ എല്ലാം മറ്റ് വികസിത രാജ്യങ്ങളേക്കാൾ കേരളം മുന്നിലാണ്. സർക്കാർ വിദ്യാലയങ്ങൾ പൂട്ടുന്ന പ്രവണത തുടരുകയാണെങ്കിൽ 2004 ആകുമ്പോഴേയ്ക്കും നൂറുകണക്കിന് സർക്കാർ വിദ്യാലയങ്ങൾ കുട്ടികളില്ലാത്തതിന്റെ പേരിൽ പൂട്ടേണ്ടിവരും. പൊതുവിദ്യാഭ്യാസമേഖലയിൽ പണം മുടക്കുന്നതിൽ നിന്നു സർക്കാർ പിൻമാറുന്ന പുതിയ നയം നടപ്പിലാകുന്നതോടുകൂടി വിവിധ മത സാമുദായിക സംഘടനകൾ വിദ്യാഭ്യാസമേഖലയിൽ ആധിപത്യം ഉറപ്പിക്കും. ഹയർ സെക്കൻഡറി മേഖല ഉൾപ്പെടെയുള്ള

സർക്കാർ – എയിഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ ഇത് വളരെയേറെ പ്രതികൂലമായി ബാധിക്കും. പിന്നോക്ക–പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളെ വിദ്യാഭ്യാസ രംഗത്ത് ഉയർത്തിക്കൊണ്ടുവരുന്നതിന് മുൻ ഗവൺമെന്റുകൾ സ്വീകരിച്ച നയത്തിന് വിരുദ്ധമായി സ്വകാര്യമേഖലയെ മാത്രം പ്രോൽസാഹിപ്പിക്കുന്നതും ലാഭകരമല്ലാത്ത സർക്കാർ സ്കൂളുകൾ

അടച്ചുപൂട്ടുന്നതുമായ പുതിയ നയത്തിന്റെ ഫലമായി സംവരണാനുകൂല്യങ്ങൾ ഇല്ലാതാക്കാൻ പോകുകയാണ്. സേവനമേഖലകൾ ലാഭ നഷ്ടം നോക്കി പ്രവർത്തിപ്പിക്കുന്നത് ശരിയല്ല.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ലാഭ നഷ്ടങ്ങൾ നോക്കാതെ സാമൂഹ്യ കാഴ്ചപ്പാടോടുകൂടിയ തീരുമാനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റ് കൈക്കൊള്ളുന്നത്. ദേശീയ വിദ്യാഭ്യാസ നയമനുസരിച്ചുള്ള ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് 1990–91 അദ്ധ്യയനവർഷത്തിൽ കേരളത്തിൽ തുടക്കം കുറിക്കുകയും 2000–01 അദ്ധ്യയന വർഷത്തിൽ ആ പ്രക്രിയ പൂർണ്ണ തോതിൽ നടപ്പിലാക്കുകയും ചെയ്തതിന്റെ ഭാഗമായി സർക്കാർ–സ്വകാര്യ–അൺ എയിഡഡ് മേഖലകളിൽ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചുവെങ്കിലും ഓരോ പ്രദേശത്തിന്റേയും വിദ്യാഭ്യാസപരമായ ആവശ്യകത കണക്കിലെടുക്കുമ്പോൾ അനുവദിച്ച ഹയർ സെക്കൻഡറി വിദ്യാലയങ്ങളുടെ അപര്യാപ്തത സർക്കാരിന് ബോദ്ധ്യപ്പെട്ടതുകൊണ്ടും നിലവിലുള്ള സാമ്പത്തികസ്ഥിതിയിൽ സർക്കാരിന് തന്നെ കൂടുതൽ വിദ്യാലയങ്ങൾ തുടങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമാണ് അൺ എയിഡഡ്, എയിഡഡ് സ്കൂളുകളിൽ കൂടുതൽ പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചത്. ന്യൂനപക്ഷാവകാശങ്ങളെ ഹനിക്കുന്ന ഒരു നടപടിയും ഈ സർക്കാരിന്റെ കാലത്ത് ഉണ്ടാകുകയില്ല. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പരിരക്ഷയും നൽകും. പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രമേയം 17–നെതിരെ 35 വോട്ടുകളോടെ സഭ നിരാകരിച്ചു.

(3) <u>പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിന് നിയമ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> ''കേരളത്തിൽ നിന്നും ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ ജോലി സംബന്ധമായും മറ്റും പോയിട്ടുള്ള എല്ലാ പ്രവാസികൾക്കും തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുവാനുള്ള അവകാശം ലഭ്യമാക്കണമെന്നും അതിനായി ജനപ്രാതിനിധ്യ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ

സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു. വിദേശനാണ്യം നേടിത്തരുന്നതുൾപ്പെടെ പല വിലപ്പെട്ട സംഭാവനകളും ജന്മനാട്ടിനു നേടിത്തരുന്ന ഒരു കോടിയോളം വിദേശ ഇന്ത്യാക്കാരിൽ നല്ലൊരു ശതമാനം മലയാളികളാണ്. ഇൻഡ്യയിൽത്തന്നെ ജോലി നൽകാൻ നമുക്ക് കഴിയാത്തതുകൊണ്ടാണ് അവർ വിദേശങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്നത്. പ്രവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റികളുടെ ശുപാർശ പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ജനപ്രാതിനിധ്യ നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്തി പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.

. . . . . . .